(ഇ) 2005 ഏപ്രിൽ 21 മുതലാണ് പാൽവില വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. മൂന്നു മേഖലായൂണിയനുകളും സംസ്ഥാന ഫെഡറേഷൻ അംഗീകരിച്ച് നൽകിയിട്ടുള്ള പാൽവില ചാർട്ട് ആണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗുണ നിലവാരം കുറഞ്ഞ പാലിന് അധികം പെനാൽറ്റിയും ഗുണനിലവാരം കൂടിയ പാലിന് അധിക പ്രീമിയവും നൽകുവാനുള്ള അധികാരം മേഖലായൂണിയനുകൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഫെഡറേഷൻ തത്വത്തിൽ അംഗീകരിച്ചി ട്ടുള്ള ചാർട്ടിൽ നേരിയ വ്യത്യാസം അതായത് പ്രീമിയവും പെനാൽറ്റിയും നിശ്ചയിക്കുന്നതിനുള്ള എസ്.എൻ.എഫിന്റെ മാനദണ്ഡം 8.0%-ൽ നിന്നും 8.2% ആയി മലബാർ മേഖലായൂണിയൻ ഭരണസമിതിഅംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് റിഹാബിലിറ്റേഷന് വിധേയമായ എറണാകുളം മേഖലായൂണിയൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശ പ്രകാരം സംഭരണ വിലയിൽ 50 പൈസയുടെ കുറവ് 2001 മുതൽ വരുത്തിയിട്ടുണ്ടാ യിരുന്നു. കുറവുവരുത്തിയ 50 പൈസയിൽ 17-8-2004 മുതൽ 25 പൈസ പുനഃസ്ഥാപിച്ചു. 21-4-2005-ൽ വരുത്തിയ വിലവർദ്ധനവുമൂലം ലഭിച്ച ഒരു രൂപ മറ്റ് മേഖലായൂണിയനുകൾ വീതിച്ചു നൽകിയിട്ടുള്ളതുപോലെ എറണാകുളം മേഖലാ യൂണിയനും നൽകിയിട്ടുണ്ട്.

അന്യസംസ്ഥാന ഡയറി യൂണിറ്റുകളിൽനിന്നുള്ള പാലിന്റെ ഗുണനിലവാരം

94 [428] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുള്ള ഡയറി യൂണിറ്റുകൾ സംസ്ഥാനത്ത് പാൽ വിപണനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണനിലവാരപരിശോധനയിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡയറി യൂണിറ്റുകൾ വിപണനം നടത്തിയ പാലിനാണ് അപാകതകൾ കണ്ടെത്തിയതെന്നും അതിനുമേൽ സ്വീകരിച്ച നടപടികൾ എന്തൊ ക്കെയാണെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള ഡയറി യൂണിറ്റുകൾ സംസ്ഥാനത്ത് വിപണനം നടത്തുന്ന പായ്ക്ക്ചെയ്ത പാലിന്റെ രാസപരിശോധന, മായം ചേർക്കൽ എന്നിവ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിലും സ്റ്റേറ്റ് ഡയറി ലാബോറട്ടറിയിലും പരിശോധിക്കുന്നുണ്ട്;

(ബി) ഉണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള ബ്രാന്റുകൾ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തിയ ബ്രാന്റുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.† അനന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടറോടു ആവശ്യപ്പെട്ടിട്ടുണ്ട്.

പാൽ വിതരണ ഏജൻസികൾ

95 [429] *ശ്രീ. രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ക്ഷീരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിൽമ കൂടാതെ പാൽ വിതരണം നടത്തുന്ന മറ്റ് ഏജൻസികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) തമിഴ്നാട്ടിലെ ഏതൊക്കെ പാൽ വിതരണ ഏജൻസികൾക്കാണ് കേരളത്തിൽ വിതരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ഗുണമേന്മ അറിയുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൽ ശരീരത്തിനു ഹാനികരമായ പല രാസവസ്തുക്കളും അടങ്ങിയിട്ടുണ്ട് എന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരമുള്ള പാൽ കൊണ്ടുവരുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മിൽമ കൂടാതെ 50-ഓളം ബ്രാന്റുകൾ കേരളത്തിൽ പാൽ വിതരണം ചെയ്യപ്പെടുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly